"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായവകുപ്പ് -ശ്രീ.ദീപ്തി എസ് നായർ ലക്ഷ്മി വിലാസം ബംഗ്ലാവ് പശുവെണ്ണറ കീഴാറൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നം.26 റീസർവ്വെ നം.221/2 ൽ പ്പെട്ട സ്ഥലത്ത് കൃഷി ആവശ്യത്തിന്റെ ഭാഗമായി ഇളക്കി കൂട്ടിയിട്ടിരിക്കുന്ന 4862.5 മെ.ടൺ അളവിലുള്ള ഉരുളൻ പാറകൾ നീക്കം ചെയ്യുന്നതിന് 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ ചട്ടം 104 പ്രകാരം പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

വ്യവസായ (എ )വകുപ്പ്

G.O.(Rt) No.57/2022/ID തീയതി,തിരുവനന്തപുരം, 19/01/2022

---

പരാമർശം:- 1 നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 06.01.2021 തീയതിയിലെ എ7-7180/2020 നമ്പർ നിരാക്ഷേപ പത്രം

2 തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ 10.03.2021 ലെ 78/ഡിഒറ്റി/എംഎൽ/2021 നമ്പർ കത്ത്

3 മൈനിങ് & ജിയോളജി ഡയറക്ടർ രുടെ 9.11.21 ലെ 7512/എം 3/21 നം കത്ത്.

**ഉത്തരവ്**

ശ്രീ.ദീപ്തി എസ് നായർ ലക്ഷ്മി വിലാസം ബംഗ്ലാവ് പശുവെണ്ണറ കീഴാറൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള കാട്ടാക്കട താലൂക്കിൽ കീഴാറൂർ വില്ലേജിൽ ബ്ലോക്ക് നം.26 റീ സർവ്വെ നം.221/2, 225/6 ൽപ്പെട്ട യഥാക്രമം 66.00 ആർ 73.20 ആർ 57.90 ആർ സ്ഥലത്തു നിന്നും കൃഷി ആവശ്യത്തിന് ഭൂമി നിരപ്പാക്കുന്നതിനായി ഉരുളൻ പാറകൾ നീക്കം ചെയ്യുന്നതിന് അനുവാദം നൽകണമെന്ന അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തി തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റീസർവ്വെ നം.221/2 ൽപ്പെട്ട സ്ഥലത്ത് 4862.5 മെ.ടൺ അളവിലുള്ള ഉരുളൻ പാറകൾ പൊട്ടിച്ചു കൂട്ടിയിട്ടുളളതായി ആർ ക്യു പി യുടെ റിപ്പോർട്ട് അപേക്ഷക തിരുവനന്തപുരം ജില്ലാ ആഫീസിൽ ഹാജരാക്കിയിരുന്നു. റീസർവ്വെ നം.221/2ൽപ്പെട്ട 73.20 ആർ സ്ഥലത്ത് പൊട്ടിച്ചു കൂട്ടിയിട്ടുള്ള ഉരുളൻ പാറകൾ നീക്കം ചെയ്യാൻ അനുമതി നൽകാവുന്നതാണെന്ന് ജില്ലാ ജിയോളജിസ്റ്റ് ശുപാർശ ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലത്തെ ഉരുളൻ കല്ലുകൾ നീക്കം ചെയ്യുന്നതിന് നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർ പരാമർശം (1) പ്രകാരം നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ബ്ലോക്ക് നം.26 റീസർവ്വെ നം.221/2ൽപ്പെട്ട സ്ഥലത്ത് കൃഷി ആവശ്യത്തിന്റെ ഭാഗമായി ഇളക്കി കൂട്ടിയിട്ടിരിക്കുന്ന 4862.5 മെ.ടൺ അളവിലുള്ള ഉരുളൻ പാറകൾ 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ റൂൾ 104 പ്രകാരം നീക്കം ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകാവുന്നതാണെന്ന് പരാമർശിത കത്ത് 3 പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ദീപ്തി.എസ്.നായർ, ലക്ഷ്മീവിലാസം ബംഗ്ലാവ് ,പശുവണ്ണറ, കിഴാറൂർ വില്ലേജിൽ, കാട്ടാക്കട താലൂക്ക് എന്നയാളുടെ

**File No.IND-A3/425/2021-IND**

ഉടമസ്ഥതയിലുള്ള ബ്ലോക്ക് നം.26 റീ സർവ്വേ നം.221/2 ൽപ്പെട്ട സ്ഥലത്ത് കൃഷി ആവശ്യത്തിന്റെ ഭാഗമായി ഇളക്കി കൂട്ടിയിട്ടിരിക്കുന്ന 4862.5 മെ.ടൺ അളവിലുള്ള ഉരുളൻ പാറകൾ 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം നീക്കം ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. റീസർവ്വെ നം.221/2ൽപ്പെട്ട സ്ഥലത്ത് കൂട്ടിയിട്ടുള്ള 4862.5 മെ.ടൺ അളവിലുള്ള ഉരുളൻ പാറകൾ മാത്രമേ നീക്ക ചെയ്യാൻ പാടുള്ളൂ.
2. എക്സ്പ്ലോസീവ് ഉപയോഗിച്ചുള്ള ഖനനപ്രവർത്തനങ്ങൾ യാതൊരു കാരണവശാലും അനുവദിനീയമല്ല.
3. ടി സ്ഥലത്തുള്ള കരിമ്പാറകൾ ഖനനം ചെയ്യാൻ പാടില്ല.
4. റീസർവ്വെ നം.221/2, 225/6ൽപ്പെട്ട സ്ഥലത്ത് യാതൊരുവിധ ഖനനപ്രവർത്തനങ്ങളും നടത്താൻ പാടില്ലാത്തതാണ്.
5. ടി പ്രവൃത്തി നിമിത്തം സമീപവാസികൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാൻ പാടുള്ളതല്ല.
6. പരിസ്ഥിതിയ്ക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസ്സപ്പെടുത്താതെയും മാത്രമേ ഉരുളൻ പാറകൾ നീക്കം ചെയ്യാൻ പാടുള്ളൂ.
7. സർക്കാർ ഉത്തരവ് തീയതി മുതൽ 3 മാസത്തിനു ശേഷം എന്നാൽ 6 മാസം കവിയാത്ത കാലയളവിനുള്ളിൽ പ്രത്യേകാനുമതി നല്കിയ ആവശ്യത്തിലേയ്ക്കായി ടി സ്ഥലം ഉപയുക്തമാക്കിയതായി ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് മൈനിംഗ് & ജിയോളജി ഡയറക്ടർ മുമ്പാകെ അപേക്ഷക ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shaher Banu
Joint Secretary

ശ്രീമതി ദീപ്തി. എസ് .നായർ ,ലക്ഷ്മീവിലാസം ബംഗ്ലാവ് .പശുവണ്ണറ.കിഴാറൂർ ,കാട്ടാക്കട
ഡയറക്ടർ .മൈനിങ് & ജിയോളജി .തിരുവനന്തപുരം
ജിയോളജിസ്റ്റ് ,മൈനിങ് & ജിയോളജി ജില്ലാ ഓഫീസ് .തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ).കേരള .തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ ).കേരള .തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ )
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ